**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1705** **15-03-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിൽ പുതിയ പോളിടെക്നിക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **null**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിൽ പുതിയ പോളിടെക്നിക് ആരംഭിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; | (എ) | കോഴിക്കോട് ജില്ലയിൽ മുക്കം മുൻസിപ്പാലിറ്റിയിൽ പോളിടെക്നിക്ക് കോളേജ് ആരംഭിയ്ക്കുന്നതിനായി സ്ഥലം കണ്ടെത്തിയിരുന്നു. പ്രസ്തുത ഭൂമി വനം വകുപ്പിൻെറ അധീനതയിൽ ഉള്ളതായതിനാൽ ,അത് തരം മാറ്റി ലഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞിരുന്നില്ല. കൂടാതെ 2019, 2020 വർഷങ്ങളിലെ വെള്ളപ്പൊക്കത്തിൽ ഈ പ്രദേശത്ത് വെള്ളം കയറിയതിനാൽ പോളിടെക്നിക്കിനായി അനുയോജ്യമായ മറ്റൊരു ഭൂമി കണ്ടെത്തുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി മാവൂർ പഞ്ചായത്തിൽ സർക്കാർ ഉടമസ്ഥതയിലുള്ള പൊൻപാറക്കുന്നിലെ സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനായി ഏതെല്ലാം സ്ഥലങ്ങളാണ് വിലക്കെടുക്കാനായി സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് ജില്ലയിൽ പുതിയ പോളിടെക്നിക്ക് ആരംഭിയ്ക്കുന്നതിന് മാവൂർ പഞ്ചായത്തിൽ സർക്കാർ ഉടമസ്ഥതയിലുള്ള പൊൻപാറക്കുന്നിലെ സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നില്ല. പോളിടെക്നിക്ക് കോളേജ് സ്ഥാപിക്കുന്നതിനായി കോഴിക്കോട് ചാത്തമംഗലത്ത് 6 സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 5 ഏക്കർ 60 സെൻറ് ഭൂമി ലഭ്യമാണെന്ന റിപ്പോർട്ട് സ്പെഷ്യൽ ഓഫീസർ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ടി വിഷയം പരിശോധിക്കുന്നതാണ്. |
| (സി) | സ്ഥലം ഏറ്റെടുക്കുന്നതിന് സമ്മതം അറിയിച്ച ഭൂവുടമകളിൽ നിന്നും സ്ഥലം ഏറ്റെടുക്കുന്നതിന് മുൻഗണന നൽകുമോ? | (സി) | കോഴിക്കോട് ജില്ലയിൽ പുതിയ പോളിടെക്നിക്ക് ആരംഭിയ്ക്കുന്നതിന് മാവൂർ പഞ്ചായത്തിൽ സർക്കാർ ഉടമസ്ഥതയിലുള്ള പൊൻപാറക്കുന്നിലെ സ്ഥലം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നില്ല. പോളിടെക്നിക്ക് കോളേജ് സ്ഥാപിക്കുന്നതിനായി കോഴിക്കോട് ചാത്തമംഗലത്ത് 6 സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള 5 ഏക്കർ 60 സെൻറ് ഭൂമി ലഭ്യമാണെന്ന റിപ്പോർട്ട് സ്പെഷ്യൽ ഓഫീസർ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ടി വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ